I/119084/2023

**<u>തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർ (എ & ടി) യുടെ നടപടി ക്രമം</u>**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ശ്രീ.സജു.എ.ആർ തുടങ്ങിയ ജെ.എച്ച്.ഐ ഗ്രേഡ്-2 ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിൽ ഫയൽ ചെയ്തിരുന്ന O.A (EKM) No.720/2023 ലെ 19/5/2023 ലെ ഉത്തരവിന്മേൽ സർക്കാർ അനുപാലന ഉത്തരവ് പുറപ്പെടുവിച്ചതിന്മേൽ നടപടി സ്വീകരിച്ച ഉത്തരവാകുന്നു.

പരാമർശം:-
1. ഉത്തരവ് നം.ഇ.എസ് 1/20074 /2010/ആ.വ.ഡ തീയതി. 27 4/2013
2. Order of the Hon'ble KAT in OA No.607/2020 Dated: 3/11/2021
3. നം.ഇ.എസ് 1 /35478/ 2020/ആ.വ.ഡ തീയതി. 10 .01 .2022
4. ഉത്തരവ് നം: ഇ.എസ് 1/1413/2018/ആ.വ.ഡ തിയതി : 31/05/2022
5. Order No. EG2-63729/2021/DHS Dated: 20/02/2023
6. G.O (Rt) No. 2389/2023/H&FWD Dated: 18/09/2023

**<u>ഉത്തരവ് നം: ഇ.എസ് 1/14831 /2023/ആ.വ.ഡ തിയതി : 07-12-2023</u>**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരായ ശ്രീ . സുനിൽകുമാർ . ജി തുടങ്ങി 13 പേർ ഫയൽ ചെയ്ത OA(TVM) 607/2020 ന്മേൽ 03.11.2021 ലെ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം അനുപാലിച്ച് ടി ജീവനക്കാരെ 01/04/2000 മുതൽ 31/10/2007 വരെയുള്ള പരാമർശം (1) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി പരാമർശം (3 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . തുടർന്ന് ശ്രീ . ശ്രീജിത്ത് . എം . എസ് ഉം മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No.84/2022 ന്മേൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14/01/2022 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി ഉത്തരവിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് സ്റ്റേ ചെയ്തിരുന്നതിനാലും OA(TVM) 607/2020 ലെ അപേക്ഷകരിൽ ശ്രീ . സുനിൽകുമാർ . ജി , ശ്രീ . സജീദ് . വൈ എന്നിവരൊഴികയുള്ള 1 1 പേരും 01/11/2007 മുതൽ 3 1 / 1 2 / 2 0 1 0 വരെയുള്ള സീനിയോരിറ്റിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതിനാലും പരാമർശം ( 4 ) പ്രകാരമുള്ള അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു .

തുടർ ന്ന് OA(EKM) No.84/2022 ലെ 23/01/2023 ൽ വന്ന അന്തിമവിധിയിൽ 01/11/2007 മുതൽ 31/12/2010 വരെയുള്ള അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും പ്രസ്തുത O A യിൽ ഇനി പ്രസക്തിയില്ലാത്തതിനാലും കേസ് തീർപ്പ് കൽപ്പിച്ച് ഉത്തരവായിരുന്നു. അതിനെ തുടർന്ന് ഉത്തരവ് നം.ഇജി2-63729/2021 ആവഡ തീയതി 20.02.2023 പ്രകാരം ശ്രീ.സുനിൽകുമാർ.ജി, ശ്രീ.സജീദ് വൈ എന്നിവർക്ക് പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി സ്ഥാനക്രമം അനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1 സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. ശ്രീ.സജു.എ.ആർ തുടങ്ങിയ 6 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഫയൽ ചെയ്ത OA(EKM) No.720/2023 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/05/2023 ലെ വിധിന്യായത്തിന്മേൽ സർക്കാർ ഹർജിക്കാരെ നേരിൽ കേട്ടിരുന്നു പരാമർശം (6) പ്രകാരമുള്ള സർക്കാരിന്റെ അനുപാലന ഉത്തരവിൽ കേസിലെ അപേക്ഷകർക്ക് മുൻകാലപ്രാബല്യത്തിൽ ജെ എച്ച് ഐ ഗ്രേഡ്1 സ്ഥാനക്കയറ്റം അനുവദിക്കുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണമെന്നുള്ള അപേക്ഷ നിരസിച്ച് ഉത്തരവായിരുന്നു. ഈ

I/119084/2023

കേസിൽ പരാമർശിച്ചിട്ടുള്ള സമാനമായിട്ടുള്ള ജീവനക്കാരുടെ സീനിയോരിറ്റിയും പുന:പരിശോധിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തു. അതിൻപ്രകാരം മേൽ പരാമർശം (3) പ്രകാരം ശ്രീ.അലിയാരുകുഞ്ഞ്, ശ്രീ.സജു.എ.ആർ, ശ്രീ.പ്രസാദ് കുമാർ.ആർ, ശ്രീ.മുഹമ്മദ് ബാദുഷാൻ.വൈ, ശ്രീ.ഷാജി.വി, ശ്രീ.സുനിൽകുമാർ.ജി, ശ്രീ.സജീദ് വൈ, ശ്രീ.വി.അജികുമാർ, ശ്രീ.ആർ.കൃഷ്ണകുമാർ, ശ്രീ.രാജകുമാർ.വി, ശ്രീ.കെ.എസ് ജയചന്ദ്രൻ. ശ്രീമതി.ബീന പി എസ്, ശ്രീ.രാസ്കുമാർ.എസ് എന്നിവരെ 01/04/2000 മുതൽ 31/10/2007 വരെയുള്ള സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന നടപടി റദ്ദുചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

DR. JAYASREE V

Signed by
Dr. Jayasree V
Date: 07-12-2023 12:03:02

ADDITIONAL DIRECTOR OF HEALTH SERVICES

അഡിഷണൽ ഡയറക്ടർ (എ & ടി)

സ്വീകർത്താവ്: ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ്സൈറ്റ് മുഖേന)

പകർപ്പ് :
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും
3. സൂപ്രണ്ട് , ഇ.ജി. സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ